## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4921 04/07/2012 - ൽ മറുപടിക്ക്

### മത്സ്യകർഷക ക്ലബ്ബുകൾക്കുള്ള ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ:<br>,, വർക്കല കഹാർ:<br>,, പി. സി. വിഷ്ണുനാഥ്:<br>,, ലൂഡി ലൂയിസ്: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യകർഷക ക്ലബ്ബിന്റെ മാർഗ്ഗ രേഖകൾ എന്തെല്ലാമാണ്; | (എ) മത്സ്യകർഷക ക്ലബ്ബിന്റെ പൊതുവായ ലക്ഷ്യം മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുകയും ഉൾനാടൻ മത്സ്യ ഉല്പാദനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കത്തക്ക വിധത്തിൽ മത്സ്യകൃഷിയുടെ പുരോഗമിച്ച സാങ്കേതിക വശങ്ങൾ പ്രചരിപ്പിക്കുകയും നടപ്പാക്കുകയും അതുമൂലം ജനങ്ങൾക്ക് വർദ്ധിച്ച തോതിൽ മത്സ്യം ലഭ്യമാക്കുകയും ആകുന്നു. ഇതിന്റെ വ്യക്തമായ ഉദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്. ക്ലബ്ബിന്റെ പ്രവർത്തന മേഖലയിലുള്ള ചതുപ്പു നിലങ്ങൾ, മണ്ണിടിഞ്ഞു വീണ കുളങ്ങൾ, വെള്ളം കെട്ടി നിൽക്കുന്ന പ്രദേശങ്ങൾ തുടങ്ങി മത്സ്യം വളർത്താൻ സാദ്ധ്യതയുള്ള എല്ലാ ഭാഗങ്ങളും മത്സ്യകൃഷിക്ക് ഉപയുക്തമാക്കുകയും പരമാവധി മത്സ്യോത്പാദനം സാദ്ധ്യമാക്കുകയും ചെയ്യുന്നു. മറ്റു പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉതകുന്ന ഒരു പ്രവർത്തന കേന്ദ്രം ആയി ക്ലബ്ബിന്റെ പ്രവർത്തനങ്ങളെ സംഘടിപ്പിക്കുക. |

പരിശീലനം നൽകുകയും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ഒരു ഉപവ്യവസായമായി മത്സ്യം വളർത്തലിനെ പ്രചരിപ്പിക്കുകയും ചെയ്യുക. നിലവിലുള്ള കുളങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും പുതിയ കുളങ്ങൾ കുഴിപ്പിക്കുന്നതിനുമുള്ള മൂലധന നിക്ഷേപത്തിനായി മത്സ്യകൃഷി ക്കാർക്ക് കടം നൽകുന്നതിന് സാമ്പത്തി ക സ്ഥാപനങ്ങളെ പ്രേരിപ്പിക്കുക. മത്സ്യകൃഷിക്ക് ആവശ്യമുള്ള വളങ്ങൾ മേൽത്തരം മത്സ്യവിത്തുകൾ തുടങ്ങി യവ കർഷകർക്ക് ലഭ്യമാക്കുകയും മത്സ്യവിപണനത്തിന് സഹായിക്കു കയും ചെയ്യുക. മത്സ്യകൃഷിക്കുവേണ്ടി മത്സ്യകൃഷിക്കാരന് ദീർഘകാല പാട്ട ത്തിന് സ്ഥലം ഏർപ്പെടുത്തി കൊടു ക്കുക. ക്ലബ്ബിന്റെ പ്രവർത്തനം നില യ്ക്കുകയോ ക്ലബ്ബ് പിരിച്ചുവിടുകയോ ചെയ്താൽ, ശേഷിക്കുന്ന കടങ്ങളോ ബാദ്ധ്യതകളോ, വസ്തുവകകളോ എന്തുതന്നെയായാലും ക്ലബ്ബിലെ അംഗ ങ്ങൾക്കോ ഏതെങ്കിലും ഒരംഗത്തിനോ വീതിച്ചുകൊടുക്കാൻ പാടില്ല. ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ യും മത്സ്യവകുപ്പിന്റെയും തീരുമാനത്തി ന് വിധേയമായിരിക്കും. തദ്ദേശ സ്വയം ഭരണ പ്രദേശത്തെ എല്ലാ മത്സ്യകർഷ കർക്കും അംഗമായി ചേരാവുന്നതാണ്. പ്രവേശന ഫീസ്, മാസവരി, സംഭാവന കൾ, സർക്കാരിൽ നിന്നോ സ്ഥാപന ങ്ങളിൽ നിന്നോ ലഭിക്കുന്ന ഗ്രാന്റുകൾ/ വായ്പകൾ ക്ലബ്ബിന്റെ പ്രവർത്തന

ത്തിൽ നിന്നും കിട്ടുന്ന ആദായങ്ങൾ ഇവ ക്ലബ്ബിന് മുതൽ കൂട്ടുന്നതാണ്. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കർഷക ക്ലബ്ബുകളുടെ അദ്ധ്യക്ഷൻ അതത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആയിരിക്കും. ജില്ലാ ഫിഷറീസ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥൻ, ക്ലബ്ബിന്റെ സെക്രട്ടറി, പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, മത്സ്യ കർഷക പ്രതിനിധികൾ എന്നിവർ ഈ സമിതിയിൽ ഉൾപ്പെടുന്നു. മത്സ്യ കർഷകരെയും ഗ്രാമപഞ്ചായത്തുകളെ യും വിവിധ സർക്കാർ ഏജൻസികളെ യും ബന്ധിപ്പിക്കുന്ന കണ്ണിയായി കർഷക ക്ലബ്ബുകൾ പ്രവർത്തിക്കുന്നു.

(ബി) മത്സ്യകർഷക ക്ലബ്ബുകൾക്ക് ഏതെല്ലാം തരത്തിലുള്ള ധന സഹായമാണ് സർക്കാർ നൽകാനുദ്ദേശിക്കുന്നത്;

(ബി) 2009 മുതൽ 2012 മാർച്ച് വരെ നടപ്പിലാക്കിയ മത്സ്യകേരളം പദ്ധതി യുടെ ഭാഗമായി സംസ്ഥാനത്ത് 506 മത്സ്യകർഷക ക്ലബ്ബുകൾ രൂപീകരിക്കുക യും അതിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെച്ച 20 ക്ലബ്ബു കൾക്ക് സ്വന്തമായി കെട്ടിടം പണിയുന്ന തിനും പമ്പ്സെറ്റ്, വലകൾ, മത്സ്യ വിപണന ബൂത്ത്, ടെസ്റ്റിംഗ് കിറ്റുകൾ, ആവശ്യമായ ഫർണ്ണിച്ചർ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഓരോ ക്ലബ്ബിനും 5 ലക്ഷം രൂപാ വീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ 2012 മുതൽ 2015 വരെ സർക്കാർ നടപ്പിലാക്കുന്ന മത്സ്യസമൃദ്ധി പദ്ധതിയിലും 20 ക്ലബ്ബു കൾക്കു കൂടി കെട്ടിട നിർമ്മാണത്തി നുള്ള തുക വിഭാവനം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഇതിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (സി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാണ് മത്സ്യകർഷക ക്ലബ്ബുകൾ രൂപീകരിക്കുന്നത്. പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന ക്ലബ്ബുകളുടെ നിയന്ത്രണം അതത് ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിരിക്കും. മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് കർഷക ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സന്നദ്ധ പ്രവർത്തനത്തിൽ തല്പരനായ ഒരു അക്വാകൾച്ചർ കോ-ഓർഡിനേറ്ററെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് തെരഞ്ഞെടുക്കാവുന്നതാണ്. ടിയാനെ കർഷക ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ